കേരള സർക്കാർ

## വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്


**ജില്ലാ ഇൻഫർമേഷൻ ആഫീസ്** **2018 ജൂൺ 19**

**കാസർകോട്** **ചൊവ്വ**

**www.prd.kerala.gov.in** **04994 255145** **dioksgd@gmail.com**


## റിയാസ് മൗലവി വധക്കേസ് മുതൽ മുൻ ഡിജിപിയുടെ വീട്ടിലെ പൂച്ചട്ടി മോഷണം വരെ ന്യൂനപക്ഷ കമ്മീഷൻ സിറ്റിംഗിൽ

റിയാസ് മൗലവി വധക്കേസ് മുതൽ മുൻ ഡിജിപിയുടെ വീട്ടിലെ പൂച്ചട്ടി മോഷണം, സ്കോളർഷിപ്പ് ആനുകൂല്യം ലഭിക്കാത്തത് എന്നിവയുൾപ്പെടെ വിവിധങ്ങളായ പരാതികളാണ് കളക്ട്രേറ്റ് മിനി കോൺഫറൻസ് ഹാളിൽ ചേർന്ന സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ സിറ്റിംഗിൽ പരിഗണനയ്ക്കെടുത്തത്. കമ്മീഷൻ അംഗം അഡ്വ. മുഹമ്മദ് ഫൈസലിന്റേതായിരുന്നു സിറ്റിംഗ്.

റിയാസ് മൗലവി വധക്കേസിലെ ഗൂഢാലോചനയിൽ കർണാടക എംപിക്കു പങ്കുന്നെ് കാണിച്ച് ന്യൂനപക്ഷ വിദ്യാഭ്യാസ സമിതി ജനറൽ സെക്രട്ടറി സമർപ്പിച്ച പരാതിയിൽ കഴമ്പില്ലെന്ന് കമ്മീഷൻ കത്തെി. അതേസമയം മറ്റൊരു പരാതിയിൽ റിയാസ് മൗലവിയുടെ കുടുംബാംഗങ്ങളിലാരും നേരിട്ട് ബന്ധപ്പെടാത്തതിനാലാണ് ആനുകൂല്യം നൽകാൻ കഴിയാത്തതെന്ന് സർക്കാർ അറിയിച്ചുള്ളതായും കമ്മീഷൻ വെളിപ്പെടുത്തി.

മുൻ ഡിജിപി കെ.ജെ.ജോസഫിന്റെ കണ്ണൂർ കടന്നപ്പള്ളിയിലെ വീട്ടിലെ നഴ്സറിയിൽ നിന്നും മോഷണം പോയ ചെടിച്ചട്ടികൾ കണ്ണൂരിലുള്ളൊരു സ്ത്രീയുടെ വീട്ടിൽ നിന്നും കത്തെിയിരുന്നു. എന്നാൽ അത്തരത്തിൽ താൻ മോഷ്ടിച്ചിട്ടില്ലെന്നും മുൻ ഡിജിപി ആയതിനാൽ പോലീസ് തന്നെ പീഡിപ്പിക്കുകയാണെന്നുമാണ് പരാതിക്കാരിയുടെ വാദം. ഇതേക്കുറിച്ച് അന്വേഷിക്കാൻ കണ്ണൂർ ഐജിയോട് നിർദേശിക്കാൻ കമ്മീഷൻ തീരുമാനിച്ചു.

കമ്മീഷൻ നിർദേശ പ്രകാരം ചെമ്പേരി നിർമല യുപി സ്കൂൾ അധ്യാപിക ഷൈബി ജോസഫ് എന്ന അധ്യാപികയ്ക്ക് 2011 നവംബർ ഒന്നു മുതൽ സേവനം ക്രമപ്പെടുത്തി നൽകി. ബിപിഎല്ലുകാരെ എപിഎല്ലിൽ ചേർക്കുന്നതു സംബന്ധിച്ച് ലഭിച്ച നിരവധി പരാതികളിലും കമ്മീഷൻ അനുകൂലമായ തീരുമാനം കൈക്കൊണ്ടു.

സ്കോളർഷിപ്പ് വിവരം സംബന്ധിച്ച് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കാത്തതിനാൽ സ്കോളർഷിപ്പ് നഷ്ടപ്പെട്ടെന്ന പരാതിയിൽ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും നോട്ടീസ് ബോർഡിൽ ഇത്തരം വിവരങ്ങൾ കർശനമായും പ്രദർശിപ്പിക്കണമെന്ന് നിർദേശം നൽകി. രാജപുരം സെന്റ് പയസ് ടെൻത് കോളജിലെ മൂന്നാം വർഷ ഡിഗ്രി വിദ്യാർഥിനി ഫാത്തിമയാണ് പരാതിക്കാരി.

ആകെയുള്ള 22 പരാതികളിൽ മൂന്നെണ്ണത്തിനാണ് ഇന്ന് തീരുമാനമായത്. കാസർഗോഡ് ജില്ലയിൽ മറ്റു ജില്ലകളെ അപേക്ഷിച്ച് പരാതികൾ കുറവാണെന്ന് കമ്മീഷൻ പറഞ്ഞു. അടുത്ത സിറ്റിംഗ് അടുത്ത മാസം ഏഴിന് കണ്ണൂരിൽ നടക്കും.

## നിപ്പാ: മാറ്റിവച്ച പിഎസ്സ്സി പരീക്ഷ 29-ന്

(തുടരും)

നിപ്പാ വൈറസ് പനി പടർന്നുപിടിച്ച സാഹചര്യത്തിൽ സർക്കാർ ഉത്തരവിനെത്തുടർന്ന് മാറ്റിവെച്ച ഈ മാസം 13- ലെ വ്യവസായ പരിശീലന വകുപ്പിലെ ജൂനിയർ ഇൻസ്പെക്ടർ (മെക്കാനിക്ക് റഫ്രിജറേഷൻ ആൻഡ് എയർ കീഷനിംഗ്) (കാറ്റഗറി നമ്പർ : 002/2017) തസ്തികയിലേക്കുള്ള ഒ.എം.ആർ പരീക്ഷ ഈ മാസം **29-ന്** രാവിലെ 7.30 മുതൽ 9.15 വരെ നടത്തും. പരീക്ഷാ കേന്ദ്രത്തിനും ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾക്കും മാറ്റമില്ല. ഉദ്യോഗാർത്ഥികൾ ഡൗൺലോഡ് ചെയ്ത ഹാൾടിക്കറ്റ്, കമ്മീഷൻ നിഷ്കർഷിക്കുന്ന ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ അസ്സൽ എന്നിവ സഹിതം പരീക്ഷയ്ക്ക് ഹാജരാകേതാണ്.

## ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചു

ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിലെ വിവിധ ആനുകൂല്യങ്ങൾക്കുള്ള കരട് ഗുണഭോക്തൃലിസ്റ്റ് പ്രസിദ്ധീകരിച്ചു. കരട് ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്കായി പഞ്ചായത്ത് ഓഫീസിലും അതാത് വർക്കിംഗ് ഗ്രൂപ്പ് കൺവീനറുടെ ഓഫീസിലും ലഭ്യമാണ്. കരട് മുൻഗണന ലിസ്റ്റിൻമേലുള്ള ആക്ഷേപങ്ങൾ ഈ മാസം 30 വരെ പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കാവുന്നതാണ്.

## തലസ്ഥാനത്തെത്തുന്ന യുവജനങ്ങൾക്കായി വേളി യൂത്ത് ഹോസ്റ്റൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തി

തിരുവനന്തപുരം വേളിയിൽ പ്രവർത്തിക്കുന്ന ഗവണ്മെന്റ് യൂത്ത് ഹോസ്റ്റൽ യുവജന - സഹവാസ പരീശിലന കേന്ദ്രമാക്കുമെന്ന് ജില്ലാ യൂത്ത് കോ-ഓർഡിനേറ്റർ അറിയിച്ചു. 100 പേർക്ക് താമസിക്കാനുള്ള ഡോർമിറ്ററി സംവിധാനവും മുറികളുടെയും സൗകര്യം വിപുലപ്പെടുത്തി. വിനോദ-പഠന യാത്രകൾക്കും മറ്റാവശ്യങ്ങൾക്കും തലസ്ഥാനത്ത് എത്തുന്ന യുവജനങ്ങൾക്കും ചെലവ് കുറഞ്ഞ നിരക്കിൽ താമസിക്കാനും ഫ്രഷ് അപ്പ്നും കഴിയും. കൂടാതെ സർക്കാർ-സർക്കാരിതര ഏജൻസികൾക്കും സംഘടനകൾക്കും സഹവാസ പരിശീലന പരിപാടികളും നടത്താനുള്ള ക്രമീകരണങ്ങളും ചെയ്യ്തിട്ടു് . സംഘാടകരുടെ ആവശ്യപ്രകാരം ചുരുങ്ങിയ ചെലവിൽ ആഹാരം നൽകുന്നതിനുള്ള ഓപ്പൺ കിച്ചനും ആരംഭിച്ചു. വിവിധ മേഖലകളിലെ പരിചയസമ്പന്നരായ പരിശീലകരുടെ ഡാറ്റ ബാങ്കും പരിശീലനത്തിന് ആവശ്യമായ എൽ .സി .ഡി .പ്രൊജക്ടർ ,സൗ സിസ്റ്റം ,ജനറേറ്റർ എന്നിവയും യൂത്ത് ഹോസ്റ്റലിൽ ലഭ്യമാണ് . കൊച്ചുവേളി റെയിൽവേ സ്റ്റേഷന് സമീപമായതിനാൽ യാത്രാസൗകര്യവും എളുപ്പമാണ്. വിവിധ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന യൂത്ത് ഹോസ്റ്റലുകളിലേക്കുള്ള ബുക്കിംഗ് സൗകര്യവും ഇവിടെ ലഭിക്കും. യൂത്ത് ഹോസ്റ്റലിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് വ്യക്തിഗത അംഗത്വ വിതരണ ക്യാമ്പയിനും നടത്തും. കൂടുതൽ വിവരങ്ങൾക്ക് : youthhostelveli@gmail .com , 8129090917 എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

## ചെറുവത്തൂർ, നീലേശ്വരം, ബേള ഐടിഐകളിൽ അപ്രന്റീസ് ക്ലാർക്ക്-കം-ടൈപ്പിസ്റ്റ് ട്രെയിനി

പട്ടികജാതി വികസനവകുപ്പിനു കീഴിൽ കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ, നീലേശ്വരം, ബേള എന്നീ ഐടിഐകളിൽ ഒരുവർഷകാലത്തേക്ക് അപ്രന്റീസ് ക്ലാർക്ക്-കം-ടൈപ്പിസ്റ്റ് ട്രെയിനികളെ നിയമിക്കുന്ന തിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും ബിരുദവും പിജിഡിസിഎ/ ഡിസിഎ/കോപ്പ യോഗ്യതയും, മലയാളം കംപ്യൂട്ടിംഗിൽ പരിജ്ഞാനവുമുള്ളവരും കാസർഗോഡ് ജില്ലയിൽപ്പെട്ട വരുമായിരിക്കണം. തെരഞ്ഞെടുക്കപ്പെട്ടവർക്ക് പ്രതിമാസം 10,000 രൂപ വീതം ഓണറേറിയം ലഭിക്കും. താല്പര്യ മുള്ള ഉദ്യോഗാർത്ഥികൾ ജാതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, ആധാർ കാർഡിന്റെ പകർപ്പ് എന്നിവ സഹിതം സ്വയം തയ്യാറാക്കിയ ഫോൺ നമ്പർ ഉൾപ്പെടെയുള്ള ബയോഡാറ്റ/ അപേക്ഷ ഈ മാസം 30-ന് വൈകുന്നേരം അഞ്ചിന് മുൻപ് കാസറഗോഡ് സിവിൽസ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാപട്ടികജാതി വികസന ഓഫീസിൽ ലഭിക്കേതാണ്. നിശ്ചിത സമയപരിധിയ്ക്കുശേഷം ലഭിക്കുന്ന അപേ

(തുടരും)

ക്ഷകൾ പരിഗണിക്കുന്നതല്ല. വിലാസം: ജില്ലാ പട്ടികജാതി വികസന ഓഫീസ്സർ, സിവിൽ സ്റ്റേഷൻ, കാസർഗോഡ്, ഫോൺ നമ്പർ: 04994 256 162

# കുടുംബശ്രീ ചക്കഫെസ്റ്റ് സംഘടിപ്പിച്ചു

കാസർഗോഡ് ജില്ലയിൽ കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ 21 കുടുംബശ്രീ സി ഡി എസ്സുകളിൽ എംകെഎസ്പി പദ്ധതിയുടെ ഭാഗമായി ചക്ക ഫെസ്റ്റ് സംഘടിപ്പിച്ചു. നീലേശ്വരം ബ്ലോക്കിന്റെ കീഴിലുളള സി ഡി എസ്സുകളിൽ നിന്നും 1,16,450 രൂപ വിറ്റു വരവ് ലഭിച്ചു. കാഞ്ഞങ്ങാട് ബ്ലോക്കിന്റെ കീഴിൽ മൂന്ന് സി ഡി എസ്സുകളിലാണ് ചക്ക ഫെസ്റ്റ് നടത്തിയത്. ഇതിൽ ആകെ വിറ്റുവരവ് 21,330 രൂപയാണ്. പരപ്പ ബ്ലോക്കിൽ 1,36,310 രൂപയുടെ വിറ്റുവരവ് ലഭിച്ചു. കാറഡുക്ക ബ്ലോക്കിൽ മൂന്ന് സി ഡി എസ്സിലാണ് ഫെസ്റ്റ് സംഘടിപ്പിച്ചത്. ആകെ വരുമാനം 22, 500 രൂപയാണ്. കാസറഗോഡ് ബ്ലോക്കിൽ 60,225 രൂപയും ലഭിച്ചു. മഞ്ചേശ്വരം ബ്ലോക്കിലെ സിഡിഎസ്സുകൾ ജൂൺ മാസം അവസാനത്തോടെ ചക്ക ഫെസ്റ്റ് സംഘടിപ്പിക്കുമെന്ന് അറിയിച്ചു. കാസറഗോഡ് ജില്ലയിൽ കുടുംബശ്രീ വനിതകൾക്ക് ചക്ക ഫെസ്റ്റിലൂടെ ലഭിച്ച വിറ്റുവരവ് 3,56,815 രൂപയാണ്. ജൂൺ മാസത്തെ മാസ അവലോകന യോഗത്തിൽ കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്റർ ടി ടി സുരേന്ദ്രൻ കുടുംബശ്രീ സിഡിഎസ്സുകൾക്ക് പ്രത്യേകം അനുമോദനം നൽകി.

# അലങ്കാര മത്സ്യക്കൃഷിക്ക് അപേക്ഷിക്കാം

മത്സ്യ കർഷക വികസന ഏജൻസി, കാസർഗോഡ് വഴി നടപ്പിലാക്കുന്ന കൂടുകളിലെ അലങ്കാര മത്സ്യകൃഷി പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചു. നിലവിൽ മത്സ്യകൃഷിക്ക് ഉപയോഗിക്കുവാൻ സാധിക്കാത്ത ക്വാറി കുളങ്ങളിൽ കൂടുകൾ സ്ഥാപിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. സ്വന്തമായോ നിയമാനുസൃത പാട്ടവ്യവസ്ഥയിലോ അനുയോജ്യമായ ക്വാറി കുളങ്ങൾ ഉള്ള കർഷകർക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷ ഫോറവും വിശദവിവരങ്ങളും കാഞ്ഞങ്ങാട് മീനാപ്പീസിലിള്ള ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നിന്നും ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ ഈ മാസം 26-ന് മുമ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മത്സ്യകർഷക വികസന ഏജൻസി, മീനാപ്പീസ്, കാഞ്ഞങ്ങാട്- 671315 എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ : 04672202537, 9747558835

# നിർഭയയിൽ ഒഴിവുകൾ: അഭിമുഖം ഇന്ന്

കാസറഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന നിർഭയ ഷെൽട്ടർ ഹോമിൽ വിവിധ തസ്തികകളിലേക്ക് ഇന്ന് രാവിലെ 10-ന് തത്സമയ അഭിമുഖം നടത്തുന്നു. ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിലാണ് നിയമനം. അപേക്ഷകർ വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം അസ്സൽ സർട്ടിഫിക്കറ്റുകളും സ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ഇന്റർവ്യൂവിൽ ഹാജരാക്കേതാണ്. ഹോം മാനേജറിന് എം.എ സ്.ഡബ്ല്യു./എം.എ. സോഷ്യോളജി എം.എ.സൈക്കോളജി /എം.എസ്.സി. സൈക്കോളജിയാണ് യോഗ്യത. ശമ്പളം 18000 രൂപ. ഫുൾടൈം റസിഡന്റ് വാർഡന് ബിരുദം (സമാന തസ്തികയിലുള്ള പ്രവർത്തി പരിചയം അഭികാമ്യം) ശമ്പളം 13000 രൂപ, സോഷ്യൽ വർക്കർ കം കേസ് വർക്കറിന് എം.എസ്.ഡബ്ല്യൂ./ എം.എ.സോഷ്യോളജി/എം.എസ്.സി.സൈക്കോളജി ശമ്പളം 12000 രൂപ, ക്ലിനിക്കൽ സൈക്കോളജിസ്റ്റിന് (പാർട്ട് ടൈം) എം.എസ്.സി./എം.എ.സോഷ്യോളജി (ഒരു വർഷത്തെ പ്രവർത്തി പരിചയം) യോഗ്യത. ശമ്പളം 12000 രൂപ.

# ഫാഷൻ ഡിസൈനിംഗിൽ ഡിഗ്രി

കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയത്തിന്റെ കീഴിലുള്ള അപ്പാരൽ ട്രയിനിംഗ് ആന്റ് ഡിസൈൻ സെന്റർ ക

(തുടരും)

ണ്ണൂർ തളിപ്പറമ്പ് നാടുകാണിയിലെ സെന്ററിൽ മൂന്ന് വർഷത്തെ ഫാഷൻ ഡിസൈനിംഗ് ഡിഗ്രി കോഴ്സിലേക്ക് ഈ മാസം 29 വരെ അപേക്ഷിക്കാം ബി.വോക് ഇൻ ഫാഷൻ ഡിസൈൻ ആന്റ് റീട്ടെയിൽ, ബി.വോക് ഇൻ അപ്പാരൽ മാനുഫാക്ചെറിംഗ് ആന്റ് എന്റർപ്രണർഷിപ്പ് എന്നീ കോഴ്സുകൾക്ക് യഥാക്രമം 21 22 തീയ്യതികളിലാണ് സ്ക്രീനിംഗ് ടെസ്റ്റ്. കൂടുതൽ വിവരങ്ങൾക്ക് നേരിട്ടോ ഫോണിലൂടെയോ ബന്ധപ്പെടുക ഫോൺ 0460-2226110 9746394616 9995004269

## ഡാക്ക് അദാലത്ത് 28-ന്

തപാൽ വകുപ്പ് കാസർഗോഡ് ഡിവിഷൻ ലെറ്ററുകൾ, മണി ഓർഡറുകൾ, പാഴ്സലുകൾ, സപീഡ് പോസ്റ്റ്, ബാങ്കിംഗ് തുടങ്ങിയ സേവന സംബന്ധമായ വിഷയങ്ങളിൽ അദാലത്ത് സംഘടിപ്പിക്കുന്നു ഈ മാസം 28 ന് ഉച്ചയ്ക്ക് 12 ന് കാസർഗോഡ് ഡിവിഷൻ പോസ്റ്റ് ഓഫീസ്സ് സൂപ്രിന്റെ കാര്യാലയത്തിലാണ് അദാലത്ത് നടക്കുക. പരാതികൾ ഈ മാസം 26 ന് മുമ്പ് ലഭിക്കണം

## പൊതുകിണറിന് തുക അനുവദിച്ചു

കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽപ്പെടുന്ന കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്തിൽ പൊതു കിണർ നിർമ്മാണത്തിന് 1.80 ലക്ഷം രൂപ അനുവദിച്ചു എംഎൽഎയുടെ പ്രത്യേക വികസന പദ്ധതി പ്രകാരം മന്ത്രി കൂടിയായ ഇ ചന്ദ്രശേഖരന്റെ എംഎൽഎ ഫിൽ നിന്നുമാണ് തുക അനുവദിച്ചത് ഇതിനുള്ള ഭരണാനുമതി ജില്ലാ കളക്ടർ നൽകി. ആറ് മാസത്തിനകം നിർമ്മാണം പൂർത്തികരിക്കാനാണ് നിർദ്ദേശം

## വായനാ പക്ഷാചരണത്തിന് തുടക്കമായി

ഇൻഫർമേഷൻ പബ്ലിക് റിലേഷൻ വകുപ്പ് ജില്ലാ ലൈബ്രറി കൗൺസിൽ, വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ജില്ലയിൽ സംഘടിപ്പിക്കുന്ന വായനാവാരാചരണത്തിന് കാഞ്ഞങ്ങാട് മേലങ്കോട് എ സി കണ്ണൻ നായർ സ്മാരക ഗവ. യു പി സ്കൂളിൽ തുടക്കമായി. ജില്ലാ കളക്ടർ ജീവൻ ബാബു കെ യുടെ അദ്ധ്യക്ഷതയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ.ജി.സി. ബഷീർ ഉദ്ഘാടനം ചെയ്തു. കാഞ്ഞങ്ങാട് നഗരസഭ ചെയർമാൻ വി.വി രമേശൻ മുഖ്യപ്രഭാഷണം നടത്തി ഗായകൻ വി ടി മുരളി മുഖ്യാതിഥിയായിരുന്നു.

ക്ലാസ്റൂം ലൈബ്രറിയിലേക്ക് പുസ്തകം കൈമാറൽ കൊച്ചു മാസിക പ്രകാശനം എഴുത്തുപ്പെട്ടിടെ ഗാനം എ സി കമ്ണൻ നായരുടെ ഡയറികുറിപ്പ് അവതരണം എന്നിവയും പരിപ്പാടിയുടെ ഭാഗമായിരുന്നു വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മഹമൂദ് മുറിയാനാവി കൈൺസിലർ എച്ച് ആർ ശ്രീധരൻ ഡയറ്റ് പ്രിൻസിപ്പാൾ പി ജയഗേവൻ വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ ഡോ ഗിരീഷ് ചോലയിൽ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ സുഗതൻ ഇ.വി, പ്രസ് ഫോറം പ്രസിഡന്റ് ഇ വി ജയകൃഷ്ണൻ എസ് എസ് എ പ്രൊജക്ട് ഓഫീസർ പി പി വേണുഗോപാലൻ എന്നിവർ സംസാരിച്ചു. ജില്ലാ പ്രസിഡന്റ് ഡോ. പി പ്രഭാകരൻ പി എൻ പണിക്കർ അനുസ്മരണം നടത്തി. എം വി വനജ കാവ്യാലാപനം നിർവ്വഹിച്ചു. ലൈബ്രറി കൗൺസിൽ ജില്ലാ സെക്രട്ടറി പി വി കെ പനയാൽ സ്വാഗതവും ഹെഡ്മാസ്റ്റർ കൊടക്കാട് നാരായണൻ നന്ദിയും പറഞ്ഞു. പ്രസസ്ത സംഗീതജ്ഞൻ വെള്ളിക്കോത്ത് വിഷ്ണുഭട്ടിന്റെ സ്വാഗത ഗാനത്തോടെയാണ് പരിപ്പാടികൾ ആരംഭിച്ചത്

## ജില്ലാ പഞ്ചായത്ത് യോഗം 26 ന്

കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ സാധാരണ യോഗം 26 ന് രാവിലെ 11-ന് പഞ്ചായത്താഫീസിൽ കൂടുന്നു. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി യോഗ തീരുമാനങ്ങളുടെ റിപ്പോർട്ടിംഗ്, 2018-19 വർഷ പദ്ധതി എന്നിവയാണ് വിഷയങ്ങൾ.

(തുടരും)

# ബസ്സ് സമയ നിർണ്ണയ യോഗം

കെ.എൽ.59 ബി 2302, കെ.എൽ.13 ആർ 1721, കെ.എൽ 18 സി 6537, കെ.എൽ.60 സി 6892, കെ.എൽ.58 എ. 4145, കെ.എൽ.14 ക്യൂ. 4431, കെ.എൽ.58 ഡി. 8823, കെ.എൽ.13 എം.2799, കെ.എൽ.18 എൻ 7299, കെ.എൽ.12 ബി 5372, കെ.എൽ.13 ജെ 9364, എന്നി ബസ്സുകളുടെ സമയ നിർണ്ണയ യോഗം ഈ മാസം 21 22 തീയതികളിൽ കാസർഗോഡ് ആർ ടി ഓ യുടെ ചേമ്പറിൽ വെച്ച് ചേരുന്നു. ബന്ധപ്പെട്ട ബസ്സ് ഓപ്പറേറ്റർമാർ ഒറിജിനൽ പെർമിറ്റും, ടൈം ഷീറ്റും സഹിതം യോഗത്തിൽ പങ്കെടുക്കണമെന്ന് റീജിയണൽ ട്രാൻസ്പ്പോർട്ട് ഓഫീസർ അറിയിച്ചു.

# പടന്ന എംആർവി എച്ച്എസ്എസ്സിന് കംപ്യൂട്ടർ വാങ്ങാൻ അനുമതി

പടന്ന എം ആർ വി എച്ച് എസ് എസ്സിന് എം പി മാരുടെ പ്രാദേശിക വികസന പദ്ധതി പ്രകാരം കംപ്യൂട്ടറും അമുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് 1,67,405 രൂപ അനുവദിച്ചു രാജ്യസഭാ എം പി പി വി അബ്ദുൾ വഹാബിന്റെ എം പി ഫിൽ നിന്നാണ് തുക വിനിയോഗിക്കുക ഇതിനുള്ള ഭരണാനുമതി ജില്ലാ കളക്ടർ നൽകി.

# ചാത്തപ്പാടി - മുപ്പള്ളം റോഡ്  ടാറിംഗ്

ചെങ്കള ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിലെ ചാത്തപ്പാടി - മുപള്ളം റോഡ് ടാറിംഗിന് എൻ.എ നെല്ലിക്കുന്നിന്റെ എം.എൽഎ ഫിൽ നിന്നും അഞ്ച് ലക്ഷം രുപ അനുവദിച്ചു ഇതിനുള്ള ഭരണാനുമതി ജില്ലാ കളക്ടർ നൽകി ഈ ലർഷം ഡിസംബർ 30 നകം നിർമ്മാണം പൂർത്തിയാക്കാനാണ് നിർദ്ദേശം.

# പൊവ്വൽ - ചാൽക്കര റോഡ്  കോൺക്രീറ്റിംഗ്

മുളിയാർ ഗ്രാമപഞ്ചായത്തിലെ പൊവ്വൽ - ചാൽക്കര റോഡ്  കോൺക്രീറ്റിംഗ് കെ കുഞ്ഞിരാമൻ എം.എൽ എ യടെ പ്രത്യേക വികസന പദ്ധതി പ്രകാരം അഞ്ച് ലക്ഷം രുപ അനുവദിച്ചു ഇതിനുള്ള ഭരണാനുമതി ജില്ലാ കളക്ടർ നൽകി ഈ ലർഷം ഡിസംബർ 31 നകം നിർമ്മാണം പൂർത്തിയാക്കാനാണ് നിർദ്ദേശം.

# വായനാവാരം: ഡയറ്റിൽ ഇന്ന് പ്രഭാഷണം

വായനാവാരാചരണത്തിന്റെ ഭാഗമായി മായിപ്പാടി ഡയറ്റ് ഹാളിൽ ഇന്ന് (20) വായനയും ജനപക്ഷവായനയും എന്ന വിഷയത്തിൽ പ്രഭാഷണം നടക്കും. ഉച്ചയ്ക്ക് 2.30 ന് നടക്കുന്ന പരിപാടിയിൽ പ്രമുഖ ഗ്രന്ഥകർത്താവും സാഹിത്യ അവാർഡ് ജേതാവുമായ ടികെഡി മുഴപ്പിലങ്ങാട് പ്രഭാഷണം നിർവ്വഹിക്കും. തുടർന്നു കാവ്യാലാപനവും  നടക്കും.

# അധ്യാപക ഒഴിവ്

കാസർഗോഡ് ജിവിഎച്ച എസ് ഫോർ ഗേൾസ് വിഎച്ച്എസ്ഇ വിഭാഗത്തിൽ എൻ വി ടി കെമിസ്ട്രി ജൂനിയർ തസ്തികയിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. കൂടിക്കാഴ്ച്ച 22-ന് രാവിലെ 11-ന് സ്കൂൾ ഓഫീസിൽ. ഫോൺ 04994227368.

# ആസൂത്രണ സമിതി: 12 തദ്ദേശ സ്ഥാപനങ്ങളുടെ ഭേദഗതികൾക്ക് അംഗീകാരം

ജില്ലാ ആസൂത്രണ സമിതി യോഗത്തിൽ ജില്ലാ പഞ്ചായത്തിന്റേയും 12 തദ്ദേശ സ്ഥാപനങ്ങളുടെയും 2018-19 വർഷത്തെ ഭേദഗതി പദ്ധതികൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരമായി. കാഞ്ഞങ്ങാട് ബ്ലോക്ക്, ബേഡഡുക്ക, വെസ്റ്റ് എളേരി, ഈസ്റ്റ് എളേരി, കിനാനൂർ-കരിന്തളം, കയ്യൂർ-ചീമേനി, പുല്ലൂർ-പെരിയ, പനത്തടി, പിലിക്കോട്, കുമ്പഡാജെ, കള്ളാർ, കോടോം-ബേളൂർ, എന്നീ പഞ്ചായത്തുകളുടെയും ഭേദഗതി പദ്ധതികളാണ്  അംഗീകരിച്ചത്.

ജില്ലാ ആസൂത്രണ സമിതി ചെയർമാൻ കൂടിയായ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എജിസി ബഷീറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഡിപിസി മെമ്പർമാർ ജില്ലാ പ്ലാനിംഗ് ഓഫീസർ കെ എൻ സുരേഷ് എന്നിവർ  പങ്കെടുത്തു.

— അവസാനിച്ചു —